പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 98

28/04/2017-ൽ
മറുപടിയ്ക്ക്

## അന്താരാഷ്ട്ര നിലവാരത്തിലുള്ള കോളേജ് വിദ്യാഭ്യാസം

**ചോദ്യം**

**മറുപടി**

**ശ്രീ.കെ.ബി.ഗണേഷ് കുമാർ**
**ശ്രീ.കെ. കൃഷ്ണൻകുട്ടി**
**ശ്രീ.സി.കെ.നാണു**

**പ്രൊഫ.സി.രവീന്ദ്രനാഥ്**
**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കോളേജ് വിദ്യാഭ്യാസം പരിമിത സൗകര്യങ്ങളുടെയും നിലവാരത്തകർച്ചയുടെയും പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാധാരണക്കാരുടെ മക്കൾ പഠനം നടത്തുന്ന ആർട്സ് &സയൻസ് കോളേജുകളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കേണ്ടത് സർക്കാരിന്റെ ചുമതലയായി കരുതുന്നുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ കോളേജുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി വിവിധ പദ്ധതികളിലൂടെ ധനസഹായം നല്കി വരുന്നുണ്ട്. കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന CQIP പദ്ധതി നടത്തിപ്പിനായി 2017-18 വർഷത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളുടെയും ഫാക്കൽറ്റികളുടെയും വ്യക്തിഗത ഗുണനിലവാരം വിലയിരുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയിൻകീഴിൽ പൈതൃക കോളേജുകൾ ഉൾപ്പെടെ 10 കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം കാര്യവട്ടം ഗവ.കോളേജിന് ലൈബ്രറിയും റിസർച്ച് ബ്ലോക്കും നിർമ്മിക്കുന്നതിന് 3 കോടി രൂപയും ഗവ.കോളേജ് കോടഞ്ചേരിക്ക് പുതിയ ലൈബ്രറി കെട്ടിടത്തിന് 3 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇതേ പദ്ധതിയിൽ ഉൾപ്പെടുത്തി ഗവ.കോളേജ് നെടുമങ്ങാട്, പി.റ്റി.എം ഗവ.കോളേജ് പെരിന്തൽമണ്ണ എന്നിവയ്ക്കും 3 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഗവേഷണ സഹായ പദ്ധതി, പഠിതാവിനൊപ്പം പദ്ധതി തുടങ്ങിയ പദ്ധതികൾക്കും ബഡ്ജറ്റിൽ തുക വകയിരുത്തിട്ടുണ്ട്. പദ്ധതി നടത്തിപ്പുകൾ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കി വരുകയും ചെയ്യുന്നു. |
| (ബി) | 300 ഓളം ഹൈസ്കൂളുകളെ ലോകനിലവാരത്തിലെത്തിക്കാൻ തീരുമാനമെടുത്ത സർക്കാർ, സംസ്ഥാനത്തെ മികച്ച പാരമ്പര്യമുള്ള 30 സർക്കാർ കോളേജുകളെ ലോകോത്തരമാക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യം സർക്കാരിന്റെ ആലോചനയിലുള്ള വിഷയമാണെങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | | |
| സി) | പൊതു വിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തിയതിനേക്കാൾ പതിന്മടങ്ങ് 'കിഫ്ബി' ഫണ്ട് ഉന്നത വിദ്യാഭ്യാസ വികസനത്തിനും ലഭ്യമാക്കേണ്ടതുണ്ടെന്ന ബോധ്യത്തിൽ പ്രസ്തുത മേഖലയുടെ വികസനത്തിനുള്ള നിലപാട് വിശദീകരിയ്ക്കാമോ; | സി) | 52 ഗവ.ആർട്സ് & സയൻസ് കോളേജുകൾക്കും 7 എഞ്ചിനീയറിംഗ് കോളേജുകൾക്കും 9 പോളിടെക്നിക്കുകൾക്കും കൂടി 700 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ 'കിഫ്ബി' ധനസഹായത്തോടുകൂടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. അതോടൊപ്പം ശതോത്തര വാർഷികം ആഘോഷിക്കുന്ന 5 പ്രധാന കോളേജുകൾക്ക് (യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം, മഹാരാജാസ് കോളേജ്, എറണാകുളം, |

| | | | |
|---|---|---|---|
| | | | കേരള വർമ്മ കോളേജ്, തൃശ്ശൂർ, ഗവ.വിക്ടോറിയ കോളേജ്, പാലക്കാട്, ബ്രണ്ണൻ കോളേജ്, തലശ്ശേരി) ചരിത്രപ്രൗഢി നിലനിർത്തി കൊണ്ടു തന്നെ വികസിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഒപ്പം കേരളത്തിലെ സർവ്വകലാശാലകളെ അന്താരാഷ്ട്ര ഗവേഷണ കേന്ദ്രങ്ങളായി മാറ്റുന്ന ബൃഹദ് പദ്ധതിയും 'കിഫ്ബി' ധനസഹായത്തോടെ നടപ്പിലാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. |
| ഡി) | വിദേശ സർവ്വകലാശാലകളുടെ ഇന്ത്യൻ യൂണിറ്റുകൾ, സ്വകാര്യ കോർപറേറ്റ് കോളേജുകൾ എന്നിവ ഉന്നത വിദ്യാഭ്യാസത്തെ വാണിജ്യവൽക്കരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം സാധാരണക്കാരന് ലഭ്യമാക്കുന്നതിനും യു.ജി.സി. ലക്ഷ്യമാക്കുന്നതിലുപരി അദ്ധ്യാപകരെ സജ്ജമാക്കുന്നതിനും കരിക്കുലം പരിഷ്കരിക്കാനും നാനോ സയൻസ്, അസ്ട്രോ ഫിസിക്സ് എന്നിവ പോലെയുള്ള നവീന കോഴ്സുകൾ ആരംഭിക്കാനും ഉന്നത വിദ്യാഭ്യാസ വകുപ്പ് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും ഇനി എന്തെല്ലാമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | ഡി) | ഗവണ്മെന്റ് കോളേജുകളിലും യൂണിവേഴ്സിറ്റികളിലും നൂതന കോഴ്സുകൾ ആരംഭിക്കുന്നതിനും ഓണേഴ്സ് പ്രോഗ്രാമുകളും കമ്മ്യൂണിറ്റി കോഴ്സുകളും ശക്തിപ്പെടുത്തുന്നതിനുമായി നടപ്പ് വർഷം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം നവീന കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യമൊരുക്കുന്നതിനായി ഗവണ്മെന്റ് വിക്ടോറിയ കോളേജ് പാലക്കാടിന് 2.62 കോടി രൂപയും തലശ്ശേരി ബ്രണ്ണൻ കോളേജിന് 2.78 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ കരിക്കുലം പരിഷ്കരണം കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയും പോളിടെക്നിക്കുകളുടേത് വ്യവസായ രംഗത്തുനിന്നുള്ള വിവരശേഖരണമനുസരിച്ച് കാലാകാലങ്ങളിൽ എസ്.ഐ.റ്റി.റ്റി.ആർ-ഉം നടത്തിവരുന്നു. കാലാനുസൃതമായ സാങ്കേതിക വിദ്യയിലും ഈ മേഖലകളിലെ സംഭവവികാസങ്ങളെ സംബന്ധിച്ചും അദ്ധ്യാപകർക്ക് ഫലപ്രദമായ പരിശീലനം നല്കുന്നുണ്ട്.<br>നവ സാങ്കേതിക വിദ്യയിൽ ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ 2015-2016 ൽ ഫിനാൻഷ്യൽ എഞ്ചിനീയറിംഗ് & മൈക്രോ നാനോ ഇലക്ട്രോണിക്സ്, 2016-2017 ൽ മാനുഫാക്ച്ചർ & ഓട്ടോമേഷൻ, റോബോട്ടിക്സ് &ഓട്ടോമേഷൻ എന്നിവയിൽ എം.ടെക് കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺഹില്ലിൽ ട്രാൻസ്ലേഷണൽ എഞ്ചിനീയറിംഗിൽ ദ്വിവത്സര എം.ടെക് കോഴ്സ് ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**